# FRIDAY SERMON/വെള്ളിയാഴ്ച ഖുത്തുബ

## HADHRAT MUHYI-UD-DIN AL-KHALIFATULLAH

## MUNIR AHMAD AZIM

## 02 NOVEMBER 2018

## 23 SAFAR 1440 AH

# "ISLAM & DEATH".

## ഇസ്ലാംമും മരണവും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഇസ്ലാംമും മരണവും** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇന്ന് പൊതുഅവധിയാണ്, അതുകൊണ്ടു തന്നെ ഇത് എല്ലാ വിശുദ്ധന്മാരുടെയും ദിനമായി ആഘോഷിക്കുന്നു. മറ്റൊരുവാക്കിൽ പറഞ്ഞാൽ, ഇത്തരം ഒരു ദിനത്തിൽ, ഒരു ക്രിസ്ത്യന്റെ ജീവിതത്തിൽ, അവൻ, പ്രത്യേകിച്ച് വിശുദ്ധന്മാരെയും പൊതുവിൽ മരണപ്പെട്ടവരേയും, സ്മരിക്കുന്നു. ഈ പ്രസംഗം, ഇന്ന് നിങ്ങൾക്കു നല്കുന്നതിന്, ദൈവം എനിക്ക് മാർഗദർശനം നല്കിയിരിക്കുന്നത് യാദൃശ്ചികമായിട്ടില്ല. (ഇന്നേക്ക് വേണ്ടി ഞാനൊരു പ്രഭാഷണം മുൻകൂട്ടി തയ്യാർ ചെയ്തിരിക്കുന്നു) നാം ജീവിക്കുന്ന ഈ ലോകം, അല്പായുസ്സുള്ളലോകമാണ്. ഇന്ന് അല്ലെങ്കിൽ നാളെ മരണം നമ്മെ അതിജയിക്കുന്നതാണ്. നമ്മുടെ ധനവും, കുടുംബവും, സ്നേഹിതരും എല്ലാം നമ്മിൽ നിന്നും അപ്രത്യക്ഷമാകും. ഒരേ ഒരു ലഗേജ് നമ്മോടൊപ്പം കൊണ്ടു പോകുന്നത് നമ്മുടെ പ്രവർത്തനങ്ങളും അതിന്റെ പിന്നിലുള്ള ഉദ്ദേശങ്ങളും മാത്രമാണ്.

പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞു. ഒരാൾ മരണപ്പെട്ടാൽ മൂന്ന് കാര്യങ്ങൾ അവനെ പിൻതുടരുന്നതാണ്. അവന്റെ കുടുംബം, അവന്റെ ധനം, അവന്റെ പ്രവർത്തനങ്ങൾ. ഈ മൂന്ന് കാര്യങ്ങളിൽ രണ്ടെണ്ണം മടങ്ങിപോകുന്നതാണ്. അതായത് അവന്റെ കുടുംബവും, അവന്റെ ധനവും! അവന്റെ പ്രവർത്തനങ്ങൾ മാത്രമായിരിക്കും അവനോടൊപ്പമുള്ളത് (ബുഖാരി, മുസ്ലിം)

2000 ജൂലൈ 2-ാം തീയതി പദ്യരൂപത്തിൽ, ഈ വെളിപാട്, എനിക്ക് ലഭിക്കുകയുണ്ടായി. ഫ്രഞ്ച് ഭാഷയിലാണ് അതെനിക്ക് ലഭിച്ചത്! മരണം എന്ന വിഷയത്തെ കുറിച്ചായിരുന്നു പ്രസ്തുത വെളിപാട്! നിങ്ങളുടെ അവസാന യാത്ര മരണമാകുന്നു.

മരണം!ഒരു യാത്രയല്ലോ
നിങ്ങൾ തയ്യാറാകു ! വേഗം!
ലഗ്ഗേജ് ആവശ്യമില്ല
അല്ലെങ്കിൽ, അതെ!നിങ്ങളെടുക്കു

നിങ്ങൾ തൻസത്പ്രവർത്തനങ്ങൾ മാത്രം
അല്ലാഹുവിൻ സ്നേഹവും!
ലക്ഷ്യസ്ഥാനം, മരണശേഷം തൻ ജീവിതം!
മരണം നിങ്ങൾതൻ, അന്ത്യയാത്ര!

ഈ സ്രോതസ്സിൽ, വിശ്വാസിയുടെ ആത്മീയ ലഗ്ഗേജ് എവിടെയാണ്? എന്ന് ദൈവം മുഖ്യമായും പരമാർശിക്കുന്നു. അവന്റെ നല്ല പ്രവർത്തനങ്ങൾ, ഭക്തി പ്രവർത്തനങ്ങൾ, ദൈവസ്നേഹം എന്നിവകൊണ്ടാണ് ആത്മീയ ലഗ്ഗേജ് തയ്യാറാക്കേണ്ടത്. ഭക്തന്മാർ വളരെ ഭാഗ്യവന്മാരായിരിക്കും. അവരുടെ അല്ലാഹുവിലുള്ള അനുസരണം, അവരുടെ ദൂതനായ ഹസ്രത് മുഹമ്മദ് (സ)ലുള്ള അനുസരണം, അവന്റെ കാലഘട്ടത്തിലെ ദൂതനോടുള്ള അനുസരണം, അതായത് അല്ലാഹു(ത) ഒരു ദൂതനെ, ഒരു പരിഷ്ക്കാർത്താവിനെ, തന്റെ കാലഘട്ടത്തിൽ, നിയോഗിച്ചുണ്ടെങ്കിൽ, ഈ കാലഘട്ടത്തെ പോലെ, അതൊരു ഉജ്ജ്വലമായ പ്രകാശം തന്നെയായിരിക്കും അവർക്ക്! അതവരുടെ വഴിയെ തേജോമയമാക്കും. പാരത്രീകലോകജീവിത്തിലേക്കുള്ള അവന്റെ പാത എളുപ്പമുള്ളതായി തീരും. കപടവിശ്വാസികളുടെയും, അവിശ്വാസികളുടെയും പാതദുർഘടമായിരിക്കും കാരണം, അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും കല്പനകളെ അവർ അവഗണിച്ച കാരണത്താൽ കപടവിശ്വാസികളെയും സത്യനിഷേധികളെയും പറ്റി വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. ഓ! നബി! അവിശ്വാസികളോടും, കപടവിശ്വാസികളോടും സമരം ചെയ്യുകയും അവർക്കെതിരിൽ കർശനമായ നിലപാട് സ്വീകരിക്കുകയും ചെയ്യുക. അവരുടെ സങ്കേതം നരകമത്രെ! ആ ചെന്നെത്തുന്ന സ്ഥലം എത്രയും ചീത്തയായതുതന്നെ! (9:73)

അല്ലാഹുവിന്റെ എല്ലാ പ്രവാചകന്മാരും, അവരുടെ അനുയായികളും, അവരെ പിന്തുടർന്നവരും, അവിശ്വാസികളെയും, കപടവിശ്വാസികളെയും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. പ്രവാചകന്മാർക്കും വിശ്വാസികൾക്കും അവർ വളരെ വലിയ മാർഗതടസ്സങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് അവർ മനുഷ്യരാണ് എന്ന കാര്യം വിസ്മരിച്ചുകൊണ്ട്, അവർ മരണപ്പെടുന്നവരാണ് എന്നത് മറന്നുകൊണ്ട്, മരണശേഷം അല്ലാഹുവിനെയും അവന്റെ ക്രോധത്തെയും അഭിമുഖീകരിക്കേണ്ടിവരും എന്നതും വിസ്മരിച്ചുകൊണ്ടാണ് അവരീ പ്രവർത്തനം തുടരുന്നത്. കപടവിശ്വാസികൾക്കും സത്യനിഷേധികൾക്കും വളരെ വലിയ ദൈവീക ക്രോധത്തെ നേരിടേണ്ടി വരുന്നതാണ്. അവർ ഏകനായ ദൈവത്തിന് പകരം സമൻമാരെ സങ്കല്പിച്ചവരാണ് യഥാർത്ഥ വിശ്വാസം തൃജിച്ച്, തെറ്റായ വഴിയിൽ പോകുന്നവരാണവർ. ഇസ്ലാമിനെയും ദൈവം നിയോഗിച്ചവരെയും തകർക്കുവാൻ സത്യനിഷേധികളെ കൂട്ടുപിടിച്ചവരാണവർ. അവർ മരണപ്പെടുന്നുവരാണെന്നും ഭയാനകമായ വിധിയെ നേരിടേണ്ടി വരുന്നതുമാണ് എന്നതും അവർ വിസ്മരിച്ചു പോകുന്നു.

മൗറിഷ്യസ് അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു ഡോക്ടറുടെ സമീപകാലമരണമാണ് ഇതിന്റെ ഉദാഹരണം. 2018 ഒക്ടോബർ 28 തിങ്കളാഴ്ച അദ്ദേഹം മരണപ്പെട്ടു. അദ്ദേഹത്തിന്റെ മരണം അഹ്മദിയ്യാ ജമാഅത്തിന് വലിയ ഷോക്കായി. മൗറിഷ്യസ് അഹ്മദിയ്യാ മുസ്ലിം അസ്സോസിയേഷന്റെ മുൻ അമീറിന്റെ അളിയനാണദ്ദേഹം! 2000ൽ ഈ ആളുകൾ എന്നെ ജമാഅത്തിൽ നിന്നും പുറത്താക്കുവാൻ ദുഷ്ടലാക്കോടെ പദ്ധതികൾ ആവിഷ്ക്കരിച്ചു. 2000 ഡിസംബർ 25ന് അവരൊരു മീറ്റിംഗ് കൂടി! ഞാനപ്പോൾ റോഡ്ഗ്രിസിൽ ആയിരുന്നു. അവരുടെ വഞ്ചനാ പദ്ധതി അല്ലാഹുവിന്റെ കൺമുൻപാകെ ഉണ്ടായിരുന്നു ഈ പറയപ്പെട്ട അമീറിന്റെ അളിയൻ (മരണപ്പെട്ട ഡോക്ടർ) എല്ലാ

വിധ കള്ളങ്ങളും പ്രചരിപ്പിക്കുവാൻ കൂട്ടുനില്ക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു അതായത് എനിക്കായി വിഷാദരോഗത്തിനും മനോരോഗത്തിനും ശക്തി കൂടിയ മരുന്നുകൾ നിർദ്ദേശിക്കുകയുണ്ടായി എന്നും അത്തരം മരുന്നുകൾ ഉപയോഗിക്കുന്നവർ, മയക്ക് മരുന്നു ഉപയോഗിക്കുന്നവരാണെന്നും പറയുകയുണ്ടായി. എന്റെ കാര്യത്തിലും മയക്കുമരുന്നുപയോഗിക്കുന്ന ആളാണ് എന്ന് തെറ്റായ പ്രസ്താവന സമൂഹത്തിൽ നല്കുകയുണ്ടായി. അതിലൂടെയാണ് എനിക്ക് മതിഭ്രമം/ വിഭ്രാന്തി ഉണ്ടാകുന്നതെന്നും അതിൽ നിന്നാണ് അത്തരം മായകാഴ്ചകൾ, വെളിപാടുകൾ എന്ന നിലയിൽ പറയുന്നതെന്നും തട്ടിവിട്ടു (ദൈവം കാക്കട്ടെ)

അദ്ദേഹവും, അതോടൊപ്പം ജമാഅത്തിലെ ഒറു ഫാർമസിസ്റ്റിന്റെ സഹകരണത്തോടെ, എന്റെ പ്രശസ്തിയുടെ മേൽ കരിവാരിതേയ്ക്കുവാൻ, എന്റെ ആരോഗ്യസ്ഥിതിയുടെ അവസ്ഥ, തെറ്റായ ഊഹാപോഹങ്ങളുടെ അവസ്ഥയിൽ പ്രചരിപ്പിക്കുകയും, ഞാൻ ഈ മരുന്നുകൾ ഉപയോഗിക്കുന്നുണ്ടെന്നും അതുകൊണ്ടാണ് ( ഈ ദുഷ്ടപദ്ധതി പ്രകാരം) എനിക്ക് വെളിപാടുകൾ ലഭിക്കുന്നു എന്ന് പറയുന്നതെന്നും അവർ പ്രചരിപ്പിക്കുകയുണ്ടായി. ലോകം കുറച്ചുനാൾ മുമ്പ് സാക്ഷ്യം വഹിക്കുകയുണ്ടായി. (2014ൽ) എന്നെ അപമാനിച്ച പ്രസ്തുത ഫാർമസിസറ്റ് അതായത് അയാൾ പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ മെഡിക്കൽ ഷോപ്പിൽ, ചെന്ന് പ്രസ്തുത ഡോക്ടറുടെ മരുന്നു കുറുപ്പടി നല്കുകയും മരുന്നന്വേഷിക്കുകയും ചെയ്തു എന്നു കള്ളം പറഞ്ഞു (വിഷാദരോഗത്തിനും, മനോരോഗത്തിനും) അയാൾ എങ്ങനെയാണ് അപമാനിതനാക്കപ്പെട്ടതെന്ന്! (ലോകാസാക്ഷ്യം വഹിക്കുകയുണ്ടായി) 2012 മുതൽ ആരോഗ്യമന്ത്രാലയാ, പ്രസ്തുത ഫാർമസിസിറ്റിന്റെ ലൈസൻസ്, റദുചെയ്യുകയുണ്ടായി. ഫാർമസി ബോഡും (ആന്റിഡ്രഗ് ആന്റ് സ്മഗ്ലിംഗ് യൂണിറ്റ്) 20, അദ്ദേഹത്തിന്റെ ഫാർമസി പരിശോധന നടത്തുകയുണ്ടായി. അവർ അദ്ദേഹത്തിന്റെ ലൈസൻസ് റദ്ദു ചെയ്തു.. ഇപ്പോൾ നിസാമെജമാഅത്തിന്റെ വലിയ സംരക്ഷകനെന്നവകാശപ്പെട്ടിരുന്ന പ്രസ്തുത ഡോക്ടർ ഒരു ഡോക്ടറായിട്ടു പോലും അവന്റെ സമയം വന്നപ്പോൾ, അവന് സ്വയം അതിൽ നിന്ന് രക്ഷപ്പെടാൻ സാധിച്ചില്ല. വേദനയാൽ പുളഞ്ഞുകൊണ്ടു അദ്ദേഹം മരണപ്പെടുകയുണ്ടായി. 2018 ഒക്ടോബർ 29 തിങ്കളാഴ്ച മൗറിഷ്യസ് അഹ്മദിയ്യ ജമാഅത്തിനെ പിടിച്ചുകുലുക്കിയിരിക്കുകയാണ്. പിറ്റേ ദിവസം വൈകിട്ട് 5മണിക്ക് അദ്ദേഹത്തിന്റെ ശവസംസ്ക്കാര ചടങ്ങു നടത്തുകയുണ്ടായി. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറഞ്ഞതുപോലെ കുറ്റവാളികളുടെ ശിക്ഷ, അക്രമികളുടെ ശിക്ഷ, അതികഠിനമായിരിക്കും, അതുഭൂമിയിൽ വെച്ചായായുലം ശരി, മരണാനന്തര ജീവിതത്തിലായാലും ശരി! തീർച്ചയായും പ്രസ്തുത മരണപ്പെട്ട വ്യക്തി ഈ കാലഘട്ടത്തിലെ ദൈവീക ദൃഷ്ടാന്തത്തിന് വളരെ വലിയ ശത്രുതന്നെ ആയിരുന്നു.

നമുക്കെല്ലാവർക്കും അറിയാം, മരണത്തിൽ നിന്നും ആർക്കും രക്ഷപ്പെടാൻ സാധിക്കുകയില്ല. അത് നമുക്കെല്ലാവർക്കും വിധിച്ചിട്ടുള്ള കാര്യമാകുന്നു. അത് ഏതു രീതിയിലായാലും വരുക തന്നെ ചെയ്യും. മരണം ഒരിക്കൽ നമ്മെ കീഴ്പ്പെടുത്തുക തന്നെ ചെയ്യും. സത്യവസ്തുതകൾ വെളിപ്പെടുത്തുമ്പോൾ, ചരിത്ര വസ്തുതകൾ, ആലേഖനം ചെയ്യുമ്പോൾ, ഒരു വ്യക്തിയുടെ മരണത്തിൽ സന്തോഷിക്കുന്നവരാണ് എന്ന് ധരിക്കരുത്. ഇതിന്റെ അർത്ഥം സത്യം വെളിപ്പെടുത്തുന്നു എന്ന് മാത്രം. പരാമർശിത കാര്യം വേറെയാണ്. ചിലപ്പോൾ, അത്തരം മരണങ്ങളിൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ ഉണ്ടാകുന്നതാണ്. കുറ്റവാളികളെ അല്ലാഹു പിടികൂടുമ്പോൾ, അവൻ അവരെ

അതിശക്തമായ നിലയിൽ പിടികൂടുന്നു. ഗവർണമെന്റിനു വേണ്ടി ജോലിചെയ്യുന്ന ഒരു ഡോക്ടാറായിരുന്നു അദ്ദേഹം.(പൊതുജന ആശുപത്രികളിലും) സ്വകാര്യനിലയിലും അദ്ദേഹത്തിന്റെ തൊഴിൽ ജീവനെ രക്ഷിക്കുന്നതിനുള്ളതാണ്. എന്നാൽ മരണം അതിജയിച്ചപ്പോൾ അദ്ദേഹത്തിന്, അദ്ദേഹത്തെ പോലും രക്ഷിക്കാനായില്ല.

തീർച്ചയായും, നമ്മുടെ ജീവിതം, അല്ലാഹുവിന്റെ കരങ്ങളിലാണ്, അതുകൊണ്ട് അല്ലാഹുവിനെതിരിലും അവന്റെ ഖലീഫത്തുല്ലാഹയ്ക്ക് എതിരിലും, ദുഷ്ടപദ്ധതികളിൽ അടയിരിക്കുമ്പോൾ ജാഗ്രതിയിലായിരിക്കട്ടെ! അതുപോലെ തന്നെ വ്യാജ പ്രചാരണം നടത്തുന്നവരും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ പരിഹസിക്കുന്നവരും! അല്ലാഹുവിന്റെ നടപടി യന്ത്രം പ്രവർത്തനത്തിലാണ്. അതുകൊണ്ട് അതിൽ നിന്നും രക്ഷപ്പെടുവാൻ ഇത്തരം കുറ്റവാളികളിൽ ആർക്കും കഴിയുകയില്ല. ഈ ആളുകൾ പീഡനങ്ങൾ ഏല്പിച്ചു തുടങ്ങിയിട്ട്, പരിഹസിച്ചു തുടങ്ങിയിട്ട് 18 വർഷങ്ങൾ പിന്നിടുകയാണ്. ആയതിനാൽ! ജാഗ്രതയിലായിരിക്കട്ടെ

യാത്ര സുനിശ്ചിതമാണ്
ലക്ഷ്യം, അനന്തമാണ്
തയ്യാറാകുനിങ്ങൾ!
ഏതു സമയത്തും, ഏതു സ്ഥലത്തും
നിങ്ങളെ ബലാൽക്കാരമായികൊണ്ടു
പോകാൻ റഡിയാണ്!

ഭൂമിയിലെ നമ്മുടെ ജനനം മുതൽ, ഒരു കാര്യം ഉറപ്പാണ്, ആ ഒരു ദിനം വരുക തന്നെ ചെയ്യുന്നതാണ്. സംശയമില്ല. നമ്മുടെ ശരീരത്തിൽ നിന്നും പ്രസ്തുത ആത്മാവ് വേർപ്പെടുന്നതാണ്. ജഡമാക്കിയിട്ടിട്ട്, ഒരു ശവം, എന്നിട്ട് അത് അതിന്റെ രക്ഷിതാവിലേക്ക് മടങ്ങിപോകുന്നു. അതുകൊണ്ട് അന്ത്യദിനയാത്ര അതു തികച്ചും ഉറപ്പായ കാര്യമാണ്. അല്ലാഹു(ത) നമ്മോട് പറഞ്ഞിരിക്കുന്നു. ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. ഈ കാണുന്ന ലോകം വെറും താത്ക്കാലികമാകുന്നു. ഇതിനു ശേഷം പോകുന്ന ലോകമാണ് നമുക്ക് അനന്തമായിട്ടുള്ളത്! മരണശേഷമുള്ള ഈ യാത്ര ഒരോ വ്യക്തിക്കും വിവിധരീതിയിലായിരിക്കും. ഓരോ വ്യക്തിക്കും അവന്റേതായ ജനന ദിവസമുണ്ട് ഇന്ന്, സങ്കേതിക വിദ്യയുടെ മുന്നേറ്റത്താൽ, രക്ഷകർത്താക്കൾക്കറിയാം കഴിയും,

ഏതു ദിവസം തന്റെ കുഞ്ഞ് പിറക്കുമെന്ന്! കാരണം ഇന്ന് ജനനം സംഭവിക്കുന്നത് സിസേറിയൻ ഓപ്പറേഷനിലൂടെയാണ് (ഗർഭിണിയുടെ അടിവയർ കീറി കുട്ടിയെ പുറത്തെടുക്കുന്ന ശസ്ത്രക്രിയ) ജനനസംബന്ധമായി ഒരു നിശ്ചിത ദിവസം അറിയാൻ, പ്രസ്തുത ഡോക്ടർമാരെ പിന്തുടരുന്ന രക്ഷകർത്താക്കൾക്കറിയാൻ കഴിയും) (ഇത്തരം ഒരു ജനനം സംബന്ധമായ കാര്യങ്ങളിൽ ചിലപ്പോൾ ദൈവീക ഇടപെടലുകൾ ഉണ്ടാകാറുണ്ട്. അപ്പോൾ ചില മാറ്റങ്ങൾ സംഭവിക്കാറുണ്ട്) എന്നാൽ മരണത്തെ സംബന്ധിച്ച് നമുക്ക് അപ്രകാരം പറയാൻ സാധിക്കുകയില്ല. ഇനി അധികം ജീവിക്കില്ല ഇന്ന് ചിലപ്പോൾ ഡോക്ടർമാർ വിധിപറയാറുണ്ട്. എന്നാൽ ഏതു ദിനത്തിൽ, ഏതു സമയത്ത്, എന്ന് കൃത്യമായി പറയാൻ കഴിയില്ല. എന്നാൽ ഒരു കുറ്റവാളിയെ തൂക്കിലേറ്റാൻ വിധിച്ചുണ്ടെങ്കിൽ ജഡ്ജി അന്തിമമായി വിധി പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ, മരണസമയം നേരത്തെ അറിയാൻ കഴിയും. കുടുംബത്തിലെ ഒരു വ്യക്തി മരിച്ചുകൊണ്ടിരിക്കുകയാണ്, എങ്കിൽ കുടുംബത്തിന്റെയും ഡോക്ടറുടെയും

അംഗീകാരത്തിനു വിധേയമായി, കൃത്രിമ മിഷ്യൻ ഡിസ്കണക്ട് ചെയ്താൽ, സമാധാനത്തോടെ അയാളെ മരിക്കാൻ അനുവദിക്കാവുന്നതാണ്. ഈ പറയപ്പെട്ട ചില ഒഴിവു കഴിവുകൾ മാറ്റിവെച്ചാൽ, മരണം ജനങ്ങളുടെ സമ്മർദ്ദത്താൽ സംഭവിക്കുകയോ അല്ലെങ്കിൽ ആത്മഹത്യയോ, (ദൈവീകദൃഷ്ടിയിൽ വളരെ വളരെ നിന്ദ്യമായ കാര്യമാണ്) ആണെങ്കിൽ മരണത്തെക്കുറിച്ച് നേരത്തെ പറയാവുവാൻ കഴിഞ്ഞേക്കും. ഇതല്ലാത്ത എല്ലാ സമയത്തും മാനവ മരണം എപ്പോൾ സംഭവിക്കുമെന്ന് ആർക്കും പറയുവാൻ സാധിക്കുകയില്ല. അല്ലാഹു(ത) പറയുന്നു

നിങ്ങൾ സ്വയം തയ്യാറെടുക്കുന്നതാണ് നല്ലത്
വിസായുടെ ആവശ്യമില്ല
വേണ്ടതു ഇതു മാത്രം ലാഇലാഹ ഇല്ലല്ലാഹു
മുഹമ്മദുൻ റസുലില്ലാഹ്
നിങ്ങൾ തൻ അല്ലാഹുവിലേക്കുള്ള മടക്കം
ആരംഭം കഠിനതരം
ശരീരത്തിൽ നിന്നും ആത്മാവിനെ പറിച്ചെടുക്കൽ
യാതനകൾ വേദനകൾ കഠിനതരം
നിങ്ങൾ തൻ പാപഭാരങ്ങളുമായി
അനന്തതയിലേക്ക്
എന്നാൽ! സൗഭാഗ്യം
ഭൂമിയിൽ നിങ്ങൾ വിതച്ചുവെങ്കിൽ
മധുരവും സ്നേഹവും, വിശ്വാസവും, കരുണയും
നിങ്ങൾ തൻ ഇരിപ്പിടം ഭദ്രം
നിങ്ങൾ തൻ ജന്മം മുതൽ തന്നെ
വാതായനമില്ലാത്ത ഭദ്രമാം പ്ളയിനിൽ
മലർക്കെ കിടന്നു
തലയോ ഖിബ്ലതൻ നേരെ
ലക്ഷ്യം, പാരത്രികമെ!
വിസ്മരിക്കല്ലെസോദര
നിങ്ങൾ തയ്യാറെടുക്കു
സമയം നിശ്ചിതമായിരിക്കെ
ദിവസമോ സമയമോ ഊഹിക്കാവതല്ല
ഈ യാത്രയെപറ്റി ചിന്തിച്ച്, ജീവിക്കു
ഏതു പ്രായത്തിലും നമ്മെ നയിക്കാം
സ്വർഗ രാജ്യത്തിൻ കവാടത്തിലേക്ക്
അല്ലെങ്കിൽ ശാപമാം വാതിലിന്നരികിലേക്ക്
തയ്യാറാകു പുസ്തക താൾ മറിക്കാൻ
നിൻ അന്ത്യയാത്ര മരണമല്ലോ

ഇക്കാലത്ത് ഒരു മനുഷ്യന് ഒരു രാജ്യത്തു നിന്നും മറ്റൊരു രാജ്യത്തേക്ക് പോകണമെങ്കിൽ ഒരു പാസ്പോർട്ട് വേണം, അതിൽ ഒരു വിസായും വേണം. ഇതിനായി അവൻ ദിവസങ്ങൾക്ക് മുൻപ് തന്നെ തയ്യാറാകേണ്ടതാണ്. എങ്കിൽ മാത്രമെ അവന്റെ യാത്ര സുഗമമാവുകയുള്ളു. മരണത്തെപറ്റി പറഞ്ഞാൽ, ഒരു വിശ്വാസി, അവന് അവന്റെ ഹൃദയത്തിൽ, അല്ലാഹുവിനെകുറിച്ചുള്ള ഭയമുണ്ടെങ്കിൽ, അവൻ തീർച്ച

യായും ശാരീരികമായും , മാനസികമായും, ആത്മീയമായും, തന്റെ സൃഷ്ടാവിലേക്കുള്ള അന്ത്യയാത്രയ്ക്കായി തീർച്ചയായും അവൻ തയ്യാറാകേണ്ടതാണ്. അവൻ അതിനായി അവന്റെ ജീവിതത്തിലുട നീളം തയ്യാറാകേണ്ടതാണ്. വൃദ്ധനാകട്ടെ, ചെറുപ്പക്കാരനാകട്ടെ, ഏതു സമയത്തും മരണം ഓരോരുത്തർക്കും ഉറപ്പായ ഒരു കാര്യം തന്നെയാണ്. ഒരാളുടെയും മരണത്തിന് കാലവധി തീരുന്ന പ്രശ്നമില്ല. നമ്മുടെ എല്ലാവരുടെയും മോക്ഷം കുടികൊള്ളുന്നത്, അല്ലാഹുമായി നാം ചേർന്നു നില്ക്കുന്നതിലൂടെയാണ്. അല്ലാഹുവിലുള്ള ഭയവും, അവന്റെ പ്രവാചകന്മാരിലുള്ള അനുസരണവും, അവന്റെ കല്പനകളിലുള്ള അനുസരണവും, നമ്മുടെ ആത്മീയ അതിജീവനം നമുക്ക് ഉറപ്പു നല്കുന്നതാണ്. നമ്മുടെ ചുണ്ടുകളിൽ ശഹാദ ഉച്ചരിച്ചുകൊണ്ട്, നാം തീർച്ചയായും മരണമടയേണ്ടതാണ്. ശഹാദ ആത്മീയ ഭക്ഷണം പോലെയാകുന്നു. അതു ഒരു വിശ്വാസിയുടെ ആത്മാവിനെ നവീകരിക്കുന്നു. പ്രസ്തുത ശഹാദ ഉരുവിടൽ, അവന്റെ മരണസമയത്ത് അവനെ അല്ലാഹുവിലേക്ക് ചേർത്തുനിർത്തുകയും അവന്റെ കാരുണ്യത്തിൽ അവന് പ്രതീക്ഷ നല്കുകയും ചെയ്യുന്നു. ഒരു വിശ്വാസി ഇത് പ്രയോഗികമാക്കേണ്ടതാണ്. എന്നാൽ ഒരു അവിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇതു ബാധകമല്ല. കാരണം അവൻ ജീവിതത്തിലൂടനീളം അല്ലാഹുവിനെ തള്ളി പറഞ്ഞവനാണ്. എന്നാൽ മരണസമയത്ത് അല്ലാഹുവിന്റെ ആധിപത്യത്തെ അവൻ അംഗീകരിക്കുന്നു. ഹസ്രത് മൂസ(അ)ന്റെ കാലത്ത് ഫറോവയുടെ കാര്യം പോലെയാണത്. ജീവിതത്തിലൂടനീളം അവൻ ഒരു ദൈവമായി ചമഞ്ഞു. എന്നിട്ട് മൂസാ(അ)നെ പീഡിപ്പിച്ചു. മുങ്ങിചാവാൻ സമയമായപ്പോൾ മരണം അവനെ ഭയവിഹ്വലനാക്കി, അപ്പോൾ അവൻ ഒടുവിൽ അല്ലാഹുവിനെ അംഗീകരിച്ചു. എന്നാൽ അപ്പോഴേയ്ക്കും സമയം അതിക്രമിച്ചു. വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു.

നാം ഇസ്റായീൽ സന്തതികളെ സമുദ്രം കടത്തിവിട്ടു. അപ്പോൾ ഫിർഔനും അവന്റെ സൈന്യങ്ങളും അക്രമപരമായും വിദ്വേഷപരമായും അവരെ പിന്തുടർന്നു. ഒടുവിൽ മുങ്ങിമരിക്കുന്ന (വിപത്ത്) അവനെ പിടികൂടിയപ്പോൾ അവൻ പറഞ്ഞു. ബനൂഇബ്റായീൽ വിശ്വസിച്ചിട്ടുള്ള ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അനുസരണമുള്ളവനിൽപെട്ടവനുമാകുന്നു. (നാം പറഞ്ഞു) എന്ത്? ഇപ്പോഴോ? മുമ്പേ നീ ധിക്കരിച്ചിരുന്നു. നീ കുഴപ്പക്കാരിൽപ്പെട്ടവനുമായിരുന്നു (10:91-92)

നമ്മിൽ നിന്നും നമ്മുടെ ആത്മാവ് വേർപെടുന്ന നിമിഷം വളരെ വേദനാജനകം തന്നെയാണ്. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നത് ഇതിന് ചുറ്റുമാണ്. വിശ്വാസത്തിന്റെ പരമമായ എല്ലാ പുരോഗതിയും അനാവരണം ചെയ്യുന്നത് അവിടെയാണ്. ഈ അവസാന നിമിഷത്തിൽ, ഓരോരുത്തരും തങ്ങളുടെ വിശ്വാസത്തെ സംരക്ഷിക്കുവാൻ പരമാവധി ശ്രമിക്കേണ്ടതാണ്. ഈ അമൂല്യസമയത്ത്, സാത്താൻ, നമ്മുടെ ഈമാനെ നീക്കം ചെയ്യുവാൻ, പരമാവധി പരിശ്രമിക്കുന്നതാണ്. സാത്താന്റെ ജല്പനങ്ങളിൽ നിന്നും അല്ലാഹു ആരെ സ്വതന്ത്രരാക്കുന്നുവോ യഥാർത്ഥ ഈമാനോടു കൂടി, മരണപ്പെടുവാൻ അല്ലാഹു ആരെ സഹായിക്കുന്നുവോ, അവരാണ് വിജയികൾ.

മുആദ് ഇബ്നു ജബൽ(റ) റിപ്പോർട്ടു ചെയ്യുന്നു. പരിശുദ്ധപ്രവാചകൻ(സ) പറഞ്ഞു ആരാണോ മരണസമയത്ത ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുൻറസൂലുല്ല എന്ന് ഉരുവിട്ടുകൊണ്ട് മരണപ്പെടുന്നത്, അവന് അല്ലാഹു മാപ്പു ചെയ്യുന്നതാണ് (മുസ്നദ്

(അഹ്മദ്)

സദ്ഖാൻ അബീ ഉമർ വിവരിക്കുന്നു. പ്രവാചകൻ(സ)യുടെ ഒരു അനുചരൻ എന്നെ അറിയിക്കുകയുണ്ടായി, അതായത് പ്രവാചകൻ(സ) പറയുന്നതായി അദ്ദേഹം കേട്ടു. ആരാണോ തന്റെ അവസാനശ്വാസത്തിൽ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞ് മരണപ്പെടുന്നത് അവൻ സ്വർഗത്തിൽ പ്രവേശിച്ചു )മുസ്നദ് അഹ്മദ്)

ഈ നിമിഷത്തെ അഭിമുഖീകരിക്കുവാൻ നാം എപ്പോഴും തയ്യാറായി ഇരിക്കേണ്ടതാണ്. മറു ലോകത്ത് ജീവിക്കുവാൻ, അതായത് എവിടെയാണോ ശാശ്വതമായി വസിക്കുവാൻ കഴിയുന്നത് അവിടെ, അവിടുത്തേക്ക് നാം ചേക്കേറുവാൻ തയ്യാറായിരിക്കേണ്ടതാണ്. ഹസ്രത് ഉമർ(റ)ന്റെ മകൻ അബ്ദുല്ലാഹ്(റ) നെ പ്രവാചകൻ (സ) ഉപദേശിക്കുകയുണ്ടായി. ഈ ലോകത്ത് നീ ഒരു വഴിയാത്രക്കാരനെപോലെ ജീവിക്കുക. അല്ലെങ്കിൽ ഒരു വിദേശിയെപോലെ ജീവിക്കുക. ഒരു യാത്രക്കാരൻ, അവന്റെ വഴിയിൽ കാണുന്ന സുഖസൗകര്യങ്ങൾ ശ്രദ്ധിച്ച് നില്ക്കാറില്ലല്ലോ, കാരണം ഈ വഴിവളരെ വേദനാജനകമാണ്. അപ്പോൾ അവന് അവന്റെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ കഴിയില്ല (അവൻ താത്ക്കാലിക സുഖസന്തോഷങ്ങളിൽ ആകർഷനായി, അവൻ അതിനായി സമയം ചെലവഴിച്ചാൽ) ലക്ഷ്യത്തിലെത്താൻ കഴിയാതെ വരും.

അതുകൊണ്ടാണ്, ഭൗതിക സുഖഭോഗങ്ങളിൽ അകപ്പെട്ട്, അവരുടെ യഥാർത്ഥ ലക്ഷ്യങ്ങളിൽ എത്തിച്ചേരാൻ തടസ്സം നില്ക്കുന്ന, ബന്ധങ്ങളെ ഉപേക്ഷിക്കുവാൻ മുസ്ലിംകൾ കല്പിക്കപ്പെട്ടിരിക്കുന്നത്, ജാഗ്രതപ്പെടുത്തപ്പെട്ടിരിക്കുന്നത്. അവർ മരണത്തെപറ്റി ചിന്തിക്കണം. അപ്പോൾ ഈ ലോകത്തിലെ പ്രേരണകളിൽ നിന്നും അവർ സംരക്ഷിക്കപ്പെടും. കാര്യങ്ങൾ ഇങ്ങനെ ആണെങ്കിലും, ആരെങ്കിലും യാതന അനുഭവിച്ചികൊണ്ടിരിക്കുന്നവരായുണ്ടെങ്കിൽ, പ്രസ്തുത പ്രയാസങ്ങളിൽ നിന്ന് രക്ഷപ്പെടാനായി മരണത്തെ ആഗ്രഹിക്കുവാൻ പാടില്ല. ഈ ആളുകളും, നമ്മളും, (അതായത് മുഴുവൻ മാനവകുലവും) ഈ പ്രാർത്ഥന ചെയ്യേണ്ടതാണ്. എന്റെ ദൈവമേ! എന്റെ ജീവിതം എനിക്കു നന്നായിരിക്കുവോളം നീ എന്നെ ജീവിപ്പിക്കേണ്ടെ! എനിക്ക് മരണം എപ്പോഴാണോ നല്ലതായിട്ടുള്ളത് അപ്പോൾ നീ എന്നെ മരിപ്പിക്കേണമെ ആമീൻ

ഈ പ്രാർത്ഥന സമ്പൂർണ്ണമാണ്. കാരണം ജീവിതവും മരണവും അല്ലാഹുവിന്റെ കൈകളിലാണ്. അതുകൊണ്ട് അല്ലാഹുവാണ് നമുക്ക് ഏറ്റവും നല്ല ജീവിതവഴി കാണിച്ചു തരുന്നത്. അതുപോലെ ഏറ്റവും നല്ല മരണവഴിയും! നാം അവനോട് മാത്രം പ്രാർത്ഥിക്കുക മാർഗദർശനത്തിനായും, ഏറ്റവും നല്ല ജീവിതപാതയ്ക്കായും, അവസാന ശ്വാസം വരെയും! ഈ വഴിയിൽ നാം ആവശ്യമായ പ്രയത്നം നടത്തേണ്താണ്. ഇൻശാ അല്ലാഹ്! ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*